Draft #1 of File 25223/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jul-2019 12:06 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ പ്രവേശനം 2019 - 20 - തൃപ്പൂണിത്തറ ഗവണ്മെന്റ് കോളേജിൽ, BA History Model-1 ന്, കുമാരി.അഞ്ജന എ.എൻ എന്ന അട്ടപ്പാടി മേഖലയിൽ നിന്നുള്ള ST വിഭാഗത്തിലുള്ള വിദ്യാർത്ഥിനിക്കുവേണ്ടി പ്രത്യേക കേസായി പരിഗണിച്ച് ഒരു അധിക സീറ്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3666/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.07.2019

---

പരാമർശം:-1. 04.07.2019 തീയതിയിൽ കുമാരി.അഞ്ജന എ.എൻ എന്ന വിദ്യാർത്ഥിനിയുടെ പിതാവ് ശ്രീ. നഞ്ചൻ നൽകിയ അപേക്ഷ.

2. 26.07.2019 തീയതിയിൽ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചൻസിലർ നൽകിയ ഉത്തരവ്.

**ഉത്തരവ്**

കുമാരി.അഞ്ജന എ.എൻ എന്ന വിദ്യാർത്ഥിനിയുടെ പിതാവ് ശ്രീ. നഞ്ചൻ പരാമർശം (1), പ്രകാരം തന്റെ മകൾക്ക് SC/ST സ്പെഷ്യൽ അലോട്ട്മെന്റ് പ്രകാരം തൃപ്പൂണിത്തറ ഗവ. കോളേജിൽ ബിരുദ പ്രോഗ്രാമിന് ലഭിച്ച പ്രവേശന മെമ്മോ അനുസരിച്ച് ടി കോളേജിൽ നിശ്ചിത സമയത്ത് പ്രവേശനം നേടാൻ സാധിച്ചില്ല എന്നും, തങ്ങൾ വനാന്തരങ്ങളിൽ താമസിക്കുന്നവരായതിനാലും വൈദ്യുതിയോ ഇന്റർനെറ്റ് സംവിധാനങ്ങളോ ഇല്ലാത്തതിനാലുമാണ് ടി കോളേജിൽ നിശ്ചിത സമയത്ത് പ്രവേശനം നേടാൻ സാധിക്കാതിരുന്നത് എന്നും ബോധിപ്പിച്ചിരിക്കുന്നു. ആയതിനാൽ തന്റെ മകളെ ആ സീറ്റിലേക്ക് പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു.

ബിരുദ പ്രവേശനത്തിൽ SC, ST വിഭാഗത്തിൽപെട്ട കുട്ടികൾക്ക് മാത്രമായി രണ്ട് സ്പെഷ്യൽ അലോട്ട്മെന്റുകൾ നടത്തിയിരുന്നു. രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റിൽ പ്രവേശനം നേടേണ്ട അവസാനതീയതി 04.07.2019 ആയിരുന്നു. SC, ST സ്പെഷ്യൽ അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ മിച്ചം വന്ന സീറ്റുകൾ മറ്റു സംവരണ വിഭാഗത്തിലേക്കും ജനറൽ വിഭാഗത്തിലേക്കും മാറ്റുകയും ചെയ്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ നിന്നുള്ള വിദ്യാർത്ഥിനി എന്ന നിലയിൽ, പരാമർശം (1) പ്രകാരമുള്ള പ്രസ്തുത അപേക്ഷ, പ്രത്യേക കേസായി അനുഭാവപൂർവം പരിഗണിക്കുകയും, സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം ബഹുമാനപ്പെട്ട വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചൻസിലർ, കുമാരി. അഞ്ജന എ.എൻ വിദ്യാർത്ഥിനിക്കുവേണ്ടി മാത്രമായി, തൃപ്പൂണിത്തറ, ഗവണ്മെന്റ് കോളേജിൽ, BA History Model-1 പ്രോഗ്രാമിന് അധികമായി ഒരു സീറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവായി.

അധികമായി അനുവദിച്ച സീറ്റ് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. അധികമായി അനുവദിച്ച സീറ്റ് 2019 -20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിൽ കുമാരി. അഞ്ജന എ.എൻ വിദ്യാർത്ഥിനിക്കുവേണ്ടി മാത്രമാണ്.

2. അധിക ജീവനക്കാരെ നിയമിക്കലും പഠന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കലും വഴി സർക്കാരിനോ, സർവ്വകലാശാലയ്ക്കോ അധിക സാമ്പത്തിക ബാധ്യത ഉണ്ടാവാൻ പാടില്ല.

3. സീറ്റുകളുടെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ച് ലാബിലും, ലൈബ്രറിയിലും മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4. പ്രവേശനം ലഭിച്ച മറ്റ് വിദ്യാർത്ഥികളുടെ പട്ടികയോടൊപ്പം അധികമായി അനുവദിച്ച സീറ്റിൽ പ്രവേശനം നടത്തിയ വിദ്യാർത്ഥിനി യുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

5. പ്രവേശന വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ അധികമായി അനുവദിച്ച സീറ്റിനും ബാധകമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ റ്റി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കുമാരി. അഞ്ജന എ.എൻ
2. പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ്, തൃപ്പൂണിത്തുറ
3. വി സി യുടെ പി എസ്
4. രജിസ്ട്രാർ/എഫ് ഒ/ സി ഇ എന്നിവരുടെ പി എ മാർ
5. എ സി ബി6/എ സി എ8/എസ് പി ഇ എസ്/ഡി എസ് എസ്
6. എ സിസി1/ എ സിസി2/എറ്റിആർ
7. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/പരീക്ഷ/ഫിനാൻസ്
8. കരുതൽ ഫയൽ/ റിക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 25223/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jul-2019 12:06 PM - Page 2